/67328/2022

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1513/2022-WEC4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 18-11-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471−2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ജാഗ്രത സമിതി സംബന്ധിച്ച് വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നത്-സംബന്ധിച്ച്:-

സൂചന:- 23.07.222, 06.10.222 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

ജാഗ്രത സമിതിയുടെ പ്രാധാന്യം, ഉദ്ദേശ ലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ച് വനിത ശിശു വികസന വകുപ്പിലെ ജീവനക്കാർക്ക്(അങ്കണവാടി പ്രവർത്തകർ ഉൾപ്പെടെ) പരിശീലനം നൽകുന്നതിനു അനുമതിക്കായി സൂചന പ്രകാരം സർക്കാരിനു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പരിശീലനം ആരംഭിക്കേണ്ടതുണ്ട്.

ഒരു ജില്ലയിൽ നിന്ന് 10 പേരെ വീതം തിരഞ്ഞെടുത്ത് സംസ്ഥാന തലത്തിൽ മാസ്റ്റർ ട്രെയിനർ പരിശീലനവും അപ്രകാരം പരിശീലനം ലഭിക്കുന്നവരെ ഉപയോഗിച്ച് ജില്ലാതല പരിശീലനവും തുടർന്ന് ജില്ലാതല പരിശീലനം ലഭിക്കുന്നവരെ പ്രയോജനപ്പെടുത്തി ബ്ലോക്ക്തല പരിശീലനവുമാണ് നടത്തുന്നത്. അപ്രകാരം പരിശീലനം ആരംഭിക്കുന്നതിനു മാസ്റ്റർ ട്രെയിനർമാരുടെ പട്ടിക ജില്ലകളിൽ നിന്നും ശേഖരിക്കേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ ജാഗ്രത സമിതി സംബന്ധിച്ച് വനിത ശിശു വികസന വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനു പ്രോഗ്രാം ഓഫീസർ, വനിത സംരക്ഷണ ഓഫീസർ,ശിശു വികസന പദ്ധതി ഓഫീസർ, ICDS സൂപ്പർവൈസർ തുടങ്ങിയ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന അടുത്ത ഒരു വർഷത്തിനകം വിരമിക്കാത്തവരും സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരുമായ 10 മാസ്റ്റർ ട്രെയിനർമാരുടെ പട്ടിക 19.11.2022 തീയതിയ്ക്കകം സമർപ്പിക്കുന്നതിനു നിർദേശിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി.